Draft #2 of File 15880/AD A7-1/2020/AD A 7 Approved by ASSISTANT REGISTRAR V (ADMIN) on 04-May-2020 01:43 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഇന്റർ സ്കൂൾ സെന്റർ-'ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആൻഡ് റിസർച്ച് ഇൻ ബേസിക് സയൻസസ് (IIRBS) - ഇന്റർ സ്കൂൾ സെന്ററുകളുടെ റെഗുലേഷൻ മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10(17) പ്രകാരം ഭേദഗതി ചെയ്യും തദനുസരണം IIRBS ൽ രണ്ടു ജോയിന്റ് ഡയറക്ടർമാരെ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 7 സെക്ഷൻ**

നമ്പർ. 1919/AD A 7/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 04.05.2020

---

*പരാമർശം:*-1. ബഹു. വൈസ് ചാൻസലറുടെ 24.04.2020 തീയതിയിലെ No.V.C.702/050/2020 നമ്പരായുള്ള കുറിപ്പ്.

2.യു. ഓ. നം. 635/P&D-1/1/2011/Admn; തീയതി 05.02.2011

3.1886/AD A7/2020/ എം ജി യു ;തീയതി 29/04/2020.

**ഉത്തരവ്**

സർവകലാശാലയുടെ ഇന്റർ സ്കൂൾ സെന്ററായ 'ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആൻഡ് റിസർച്ച് ഇൻ ബേസിക് സയൻസസ് (IIRBS) കേന്ദ്രത്തിനു പുതുതായി എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചും ഡോ.പി .ആർ. ബിജു, അസോ. പ്രൊഫസർ, സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സ്, ഡോ.ആർ.ഹരികുമാരൻ നായർ, അസോ. പ്രൊഫസർ, സ്കൂൾ ഓഫ് ബയോ സയൻസസ് എന്നിവർക്ക് IIRBS ന്റെ ജോയിന്റ് ഡയറക്ടർമാരുടെ ചുമതലനൽകിയും ബഹു. വൈസ് ചാൻസലർ പരാമർശം (1) ഉത്തരവായിരുന്നു. ഇതിൻ പ്രകാരം IIRBS നു എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചു പരാമർശം (3) സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ ഇന്റർ സ്കൂൾ സെന്ററുകളുടെ പ്രവർത്തനം സംബന്ധിച്ച പരാമർശം (2) റെഗുലേഷൻ-5 പ്രകാരം, സെന്ററുകളിൽ ഓണററി ഡിറക്ടർക്കു പുറമെ ഒരു ജോയിന്റ് ഡയറക്ടറെ നിയോഗിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത് എന്ന വിവരം ചൂണ്ടികാട്ടിയതിനെ തുടർന്ന് IIRBS ന്റെ പ്രവർത്തനങ്ങളിലെ ഇന്റർ ഡിസ്സിപ്ലിനറി സ്വഭാവം പരിഗണിച്ചും അവിടെ ആരംഭിക്കാനിരിക്കുന്ന ഇന്റർ ഡിസിപ്ലിനറി പ്രോഗ്രാമുകൾ പരിഗണിച്ചും പരാമർശം (2) ഉത്തരവ് രണ്ടു ജോയിന്റ് ഡയറക്ടർമാരെ നിയോഗിക്കുന്ന വിധം പരിഷ്കരിക്കുന്നതിനു രജിസ്ട്രാർ ശിപാർശ ചെയ്തിരുന്നു.

മേൽ സാഹചര്യത്തിൽ ഇന്റർ സ്കൂൾ സെന്ററുകളെ സംബന്ധിച്ച നിലവിലുള്ള റെഗുലേഷനിൽ രണ്ട് ജോയിന്റ് ഡയറക്ടർമാരെ നിയമിക്കുന്നതിനു വ്യവസ്ഥയില്ല എന്നത് ബഹു വൈസ് ചാൻസലർ പരിഗണിച്ചു. IIRBS ൽ പുതുതായി ആരംഭിക്കുന്ന ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളുടെ സുഗമമായ നടത്തിപ്പിന് രണ്ട് ജോയിന്റ് ഡയറക്ടർമാരുടെ സേവനം ആവശ്യമായതിനാൽ IIRBS ലെ ജോയിന്റ് ഡയറക്ടർമാരുടെ എണ്ണം രണ്ടായി ഉയർത്തുവാനും സൂചന റെഗുലേഷനിൽ ഭേദഗതി വരുത്തുവാനും, 05.02.2011 ലെ പരാമർശം (2)സർവകലാശാല ഉത്തരവ് തദനുസരണം പരിഷ്കരിക്കുവാനും, MGU Act 1985, ചാപ്റ്റർ 3, സെക്ഷൻ 10(17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് ബഹു വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം പരാമർശം (2) ഉത്തരവ്, IIRBS ൽ ഓണററി ഡയറക്ടർക്കു പുറമെ രണ്ടു

ജോയിന്റ് ഡയറക്ടർമാരെ നിയമിക്കുന്ന വിധം പരിഷ്കരിക്കുന്നു.

പരാമർശം (1)കുറിപ്പിൽ അപ്രകാരം ഭേദഗതി വരുത്തിയും ഡോ.പി .ആർ. ബിജു, അസോ. പ്രൊഫസർ, സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സ്, ഡോ.ആർ.ഹരികുമാരൻ നായർ, അസോ. പ്രൊഫസർ, സ്കൂൾ ഓഫ് ബയോ സയൻസസ് എന്നിവർക്ക് IIRBS ലെ ജോയിന്റ് ഡയറക്ടർമാരുടെ ചുമതലനൽകിയും ബഹു വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പോൾ വർഗീസ്

അസിസ്റ്റന്റ് രജിസ്ട്രാർ 5 (ഭരണ വിഭാഗം)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾക്ക്
2. ഡോ. എസ്. അനസ്, ഓണററി ഡയറക്ടർ,IIRBS
3. വൈസ് ചാൻസലറുടെ/പ്രൊ-വൈസ് ചാൻസലറുടെ പി. എസ്.
4. രജിസ്ട്രാറുടെ/ഫിനാൻസ് ഓഫീസറുടെ പി. എ.
5. ജോയിന്റ് രജിസ്ട്രാർ 3(ഭരണം)/അസി. രജിസ്ട്രാർ 5 (ഭരണം)
6. ജോയിന്റ് ഡയറക്ടർ, കെ. എസ്. എ. ഡി.
7. എസി സി/ഓഡിറ്റ് 1/ഓഡിറ്റ്5/ഫിനാൻസ് 1
8. റെക്കോർഡ്സ്/കണ്ടന്റ് മാനേജ്മെന്റ്
9. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 15880/AD A7-1/2020/AD A 7 Approved by ASSISTANT REGISTRAR V (ADMIN) on 04-May-2020 01:43 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം